# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1341 — 30.09.2011-ൽ മറുപടിക്ക്

### ഹരിതശ്രീ പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ലൂഡി ലൂയിസ്<br>ശ്രീ. വർക്കല കഹാർ<br>ശ്രീ. എ.പി.അബ്ദുള്ളക്കുട്ടി | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്തെ ഹരിതശ്രീ പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാം; | എ) ഹരിതശ്രീ പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ താഴെ പറയുന്നവയാണ്:<br>1. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള റിസർച്ച് സ്റ്റേഷനുകളിലെയും കൃഷി വിജ്ഞാൻ കേന്ദ്രങ്ങളിലെയും തരിശുഭൂമി പച്ചക്കറി കൃഷിക്കായി ഉപയോഗപ്പെടുത്തുക .<br>2. കേരള കാർഷിക സർവ്വകലാശാല ക്യാമ്പസുകളിൽ പച്ചക്കറികൃഷി ചെയ്ത് സംസ്ഥാനത്ത് പച്ചക്കറി ലഭ്യത വർദ്ധിപ്പിക്കുക.<br>3. പച്ചക്കറി കർഷകരുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി കേരള കാർഷിക സർവ്വകലാശാലയുടെ പച്ചക്കറി വിത്തുൽപ്പാദന പരിപാടികൾ ശക്തിപ്പെടുത്തുക.<br>4. പൊതുജനങ്ങൾക്ക് പച്ചക്കറി കൃഷിയിൽ താൽപ്പര്യം വളർത്തുന്നതിനായി കേരള കാർഷിക സർവ്വകലാശാല വികസിപ്പിച്ചെടുത്ത നൂതന സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തി പ്രദർശനത്തോട്ടങ്ങളും മാതൃകാ പച്ചക്കറിത്തോട്ടങ്ങളും സ്ഥാപിക്കുക.<br>5. ജൈവ പച്ചക്കറി ഉൽപ്പാദനം ജനകീയമാക്കുന്നതിനായുള്ള സാങ്കേതിക വിദ്യ പ്രചരിപ്പിക്കുക.<br>6. തൊഴിൽ രഹിതരായ യുവാക്കൾക്കും വീട്ടമ്മമാർക്കും കർഷക സംഘടനകൾക്കും പച്ചക്കറി ഉൽപ്പാദനത്തിന്റെ വിവിധ വശങ്ങൾ |

സംബന്ധിച്ച് ട്രെയിനിംഗ് നൽകുക.

7. അത്യുൽപ്പാദനശേഷിയുള്ള വിത്തിനങ്ങൾ ഉപയോഗപ്പെടുത്തിയും Integrated Pest and disease Management രീതി അവലംബിച്ചും പച്ചക്കറി ഉൽപ്പാദനം വർദ്ധിപ്പിക്കുക.

| | | | |
|---|---|---|---|
| ബി) | കാർഷിക സർവ്വകലാശാല യുടെ വിവിധ കാമ്പസ്സുകളിൽ ഈ പദ്ധതി വിപുലമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; | ബി) | ഹരിതശ്രീ പദ്ധതിയുടെ ഭാഗമായി കാർഷിക സർവ്വകലാശാലയുടെ 30 ഗവേഷണ സ്ഥാപനങ്ങളിലും കോളേജുകളിലുമായി ഊർജ്ജിത പച്ചക്കറി കൃഷി നടപ്പിലാക്കിവരുന്നു. കൃഷിക്കുപയുക്തമായ എല്ലാ തരിശു സ്ഥലങ്ങളും പച്ചക്കറി കൃഷിക്കായി ഉപയോഗപ്പെടുത്തുകയും പുതിയ ഇനങ്ങൾ കൃഷി ചെയ്ത് പ്രദർശനത്തോട്ടമായി സംരക്ഷിക്കുകയുമാണ് ഇവിടെ ലക്ഷ്യമിടുന്നത്. |
| സി) | ഈ പദ്ധതി വിപുലമാക്കുന്നതിനായി നൂതന സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തുന്നതിന് സർവ്വകലാശാല എന്തെല്ലാം മാർഗ്ഗങ്ങളാണ് സ്വീകരിച്ചിട്ടുള്ളത് ? | സി) | അത്യുൽപാദനശേഷിയുള്ള പുതിയ വിത്തിനങ്ങൾ പ്രചരിപ്പിക്കുക എന്ന ഉദ്ദേശത്തോടെ പ്രദർശനത്തോട്ടങ്ങൾ ഒരുക്കുകയും 'പോട്ട്ട്രേ'യിൽ ഉത്പാദിപ്പിച്ച തൈകൾ ഇതിനായി ഉപയോഗിക്കുകയും ചെയ്തു വരുന്നു. ജൈവവളങ്ങളുടെയും ജൈവ കീടനാശിനികളുടെയും ഉപയോഗവും ഇതിൽ പ്രാവർത്തികമാക്കുന്നുണ്ട്. കേരളത്തിനു പറ്റിയ ശീതകാല പച്ചക്കറികളും ഈ പദ്ധതിയുടെ കീഴിൽ കൃഷി ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ